
# സ്ത്രീ ചിത്രഭാഷണം

ചിത്രങ്ങൾ:
**അജീബ് കൊമാച്ചി**
വിന്യാസം:
**മുദസിർ**



പണ്ട്......പണ്ട്.....നമുക്ക്
'മുത്തശ്ശി'മാരുണ്ടായിരുന്നു.....
കരിയിലയിൽ ഇറ്റിവീഴുന്ന
മഴത്തുള്ളികളുടെ വിറയാർന്ന
ശബ്ദത്തിൽ കാലം നേദിച്ച
വടുക്കളിൽ തടവി മുത്തശ്ശി
നമുക്ക് കഥകൾ പറഞ്ഞു
തരുമായിരുന്നു.
ഒരുപാടൊരുപാടു കഥകൾ.....

ഈ മയക്കം ചിലപ്പോൾ
കല്പാന്തം വരെ നീണ്ടേക്കാം..
അപ്പോഴും
ആരെടുയൊക്കെയോ
കഴുകക്കണ്ണുകളിലെ ദാഹം
നിറഞ്ഞ നോട്ടം
കരിനിഴൽപോലെ പട്ടടവരെ
പിൻതുടർന്നേക്കാം......





ഏതോ ഒരു ഗോഡ്മദർ വരു
മെന്ന് സ്വപ്നംപോലും കാണാന
റിയാതെ തെരുവോരങ്ങളിലെ
'സിൻഡ്രല്ലമാർ' മിഴികളൂന്നി
കാത്തിരിക്കുകയാണ്.

ഞങ്ങളുടെ നെഞ്ചിൽ ചവിട്ടി
നിങ്ങളുയർത്തിയ
ദന്തഗോപുരങ്ങൾ
ഞങ്ങളുടെ ദുരന്തങ്ങളുടെ
പ്രളയത്തിൽ
ഇന്നല്ലെങ്കിൽ നാളെ
തകർന്നുവീഴുമെന്നറിയുക





എന്നെ പിഴിഞ്ഞ്
അവസാനതുള്ളി രക്തവും
മോന്താനെത്തുന്നവരോട്;
അകലത്തറിയുന്ന, എന്റെ
കണ്ണുനീരു വീണ നിന്റെ
വിഴുപ്പിൽനിന്ന് ഒരുനാൾ
ഒരു ദൈവപുത്രൻ
ഉയിർത്തെഴുന്നേൽക്കുക
തന്നെചെയ്യും.

അക്ഷരങ്ങൾക്ക് അഗ്നി
യേക്കാൾ തീക്ഷ്ണത
യുണ്ടെന്ന് ഇപ്പോൾ
ഞാൻ തിരിച്ചറിയുന്നു.
എനിക്കു ചുറ്റുമുണ്ടായി
രുന്ന വേലിക്കെട്ടുകളിൽ
നിന്നും ഇപ്പോൾ ഞാൻ
സ്വാതന്ത്ര്യം
നേടിയിരിക്കുന്നു.





ജീവിതഭാരത്തിന്റെ ചുടലപ്പറമ്പിൽ
ബലികുടീരം പണിയാൻ.....
നിറകൺ ചിരിയുടെ പൊരുളറിയാനെ
ത്തിയോരെ കല്ലെറിയാൻ........

ചില്ലുമേടയ്ക്കും മണ്ണിനു
മിടയിൽ അർത്ഥാനർത്ഥ
ങ്ങൾ തിരിച്ചറിയാതെ
ഉത്തരം കിട്ടാത്ത ചോദ്യ
ങ്ങളുടെ മുകളിൽ ചക്ര
ശ്വാസം വലിയ്ക്കുന്ന
എന്റെ ചപ്പിയ മുല
കുടിച്ചാണ് നീയും
വളർന്നതെന്ന് ഓർത്തു
കൊള്ളുക.

